"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ്-കെ.എസ്.ആർ.ടി.സിയുടെ സൂപ്പർ ക്ലാസ് ബസ്സുകളുടെ കാലപ്പഴക്കം പത്ത് വർഷമാകുന്നതുവരെ, പ്രസ്തുത ബസ്സുകൾ സൂപ്പർ ക്ലാസ്സായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.471/2022/TRANS തീയതി,തിരുവനന്തപുരം, 08-11-2022

---

പരാമർശം:- 1. 24/02/2022-ലെ ജി.ഒ.(പി)7/2022/ട്രാൻ നമ്പർ ഉത്തരവ്

2. സി.എം.ഡി., കെ.എസ്.ആർ.ടി.സിയുടെ 19/07/2022-ലെ എം.എൽ3/005256/19 നമ്പർ കത്ത്

ഉത്തരവ്

കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള ഫാസ്റ്റ് പാസഞ്ചർ/ സൂപ്പർ ഫാസ്റ്റ്/സൂപ്പർ എക്സ്പ്രസ്/സൂപ്പർ ഡീലക്സ്/ പ്രീമിയം എ.സി. വിഭാഗത്തിലുള്ള സൂപ്പർ ക്ലാസ് ബസ്സുകളുടെ നിലവിലെ അനുവദനീയമായ കാലപരിധി പരാമർശം (1) ഉത്തരവ് പ്രകാരം 9 വർഷമായി നിജപ്പെടുത്തിയിരുന്നു.

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, അടുത്ത ആറ് മാസക്കാലയളവിനുള്ളിൽ കാലപരിധി അവസാനിക്കുന്ന 159 എണ്ണം സൂപ്പർ ക്ലാസ് ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ ലഭ്യമാക്കി സർവീസ് നടത്താൻ കഴിയാത്ത സാഹചര്യമാണെന്നും തന്മൂലം ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി പുതിയ സൂപ്പർ ക്ലാസ് ബസ്സുകൾ നിരത്തിലിറക്കാൻ സാധിക്കാത്തതിനാൽ ഈ അടിയന്തര സാഹചര്യം പരിഗണിച്ച് പ്രസ്തുത ബസ്സുകൾ സൂപ്പർ ക്ലാസ്സായി ഉപയോഗിക്കുന്നതിനുള്ള കാലപരിധി പത്ത് വർഷമാക്കി ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സി.എം.ഡി., കെ.എസ്.ആർ.ടി.സി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിൽ എട്ട് വർഷത്തിനുമുകളിലും പത്ത് വർഷത്തിൽ താഴെയും പഴക്കമുള്ളതായ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള സൂപ്പർ ക്ലാസ് ബസ്സുകൾ പ്രസ്തുത ബസ്സുകളുടെ പഴക്കം പത്ത് വർഷമാകുന്നതുവരെ സൂപ്പർ ക്ലാസ്സായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സി.എം.ഡി. കെ.എസ്.ആർ.ടി.സി
ഗതാഗത കമ്മീഷണർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ